# നീരയുടെ പേരിൽ കേസ്: വ്യാജ പ്രചാരണമെന്ന് നാളികേര ബോർഡ്

കൊച്ചി: നീരയുടെ പേരിൽ നാളികേര വികസന ബോർഡിനു വേണ്ടിയോ ഉത്പാദക സംഘങ്ങൾക്കു വേണ്ടിയോ കേസ് നടത്താൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്ന് നാളികേര വികസന ബോർഡ് അറിയിച്ചു.

ഉത്പാദക സംഘങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്യുകയും 10–15 ഉത്പാദക സംഘങ്ങൾ ചേർന്ന് ഫെഡറേഷനുകൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നത് ബോർഡിന്റെ മേൽനോട്ടത്തിലാണ്.

ഈ ഫെഡറേഷനുകൾക്കും ബോർഡിൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ചില സ്ഥാപനങ്ങൾ നീരയുടെ പേരിൽകേസ് നടത്തിപ്പിനായി പണം പിരിക്കാൻ ആഹ്വാനം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ എടുക്കേണ്ട നയ തീരുമാനങ്ങളിൽ അസ്ഥാനത്ത് ഇടപെട്ട് വിഘാതം സൃഷ്ടിക്കുന്നത് കർഷകർക്ക് ഗുണകരമാവില്ല. അതിനാൽ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉത്പാദക സംഘങ്ങളും ഫെഡറേഷനുകളും വ്യാജ പ്രചാരണങ്ങളിൽപ്പെട്ട് വഞ്ചിതരാകരുതെന്ന് നാളികേര വികസന ബോർഡ് അറിയിച്ചു.